13/2

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -മലപ്പുറം ജില്ല തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് എളങ്കൂർ വില്ലേജ് പെട്രോളിയം റീട്ടെയിൽ ഔട്ട്ലെറ്റ് നിർമ്മാണം - ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26/11/2019 ലെ എ 3/5442/19 നമ്പർ കത്ത്.

2. മലപ്പുറം ടൗൺ പ്ലാനറുടെ 04/12/2019, 29/01/2020 തീയതികളിലെ TCPMPM/2397/2019-A3 നമ്പർ കത്തുകൾ

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/3069/2019-C2 തീയതി:**11/02/2020**

---

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എളങ്കൂർ വില്ലേജിൽ റീ സർവ്വേ നമ്പർ 88/2 - 1 ൽ ഉൾപ്പെട്ട 3903 ച.മീ. സ്ഥലത്തു പമ്പിനായി നീക്കിവച്ചിട്ടുള്ള 626 ച.മീ. സ്ഥലത്ത് 218.49 ച.മീ. വിസ്തീർണ്ണമുള്ള ( Canopy area 192 ച.മീ. + Sales Room 26.49 ) പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി.സഫീന, കുണ്ടൻതൊടിക വീട്, മുച്ചിക്കൽ, അഞ്ചച്ചവിടി എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. നിർമ്മാണം കെ.പി.ബി.ആർ 2011 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും അനുസൃതം ആയിരിക്കണം.
2. കെ.പി.ബി.ആർ ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരിതയും ഉടമസ്ഥാവകാശവും പ്രസ്തുത ഭൂമി പുറമ്പോക്ക ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും കൂടാതെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ കീഴിൽ വരുന്നതാണോ എന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതാണ്.
3. ചട്ടം 61(4) പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശന വീതിയും അതുപോലെ പ്രധാന തെരുവിൽ നിന്നും പ്ലോട്ടിലേക്കു പ്രവേശിക്കുവാനുള്ള വഴിയുടെ വീതി എന്നിവ ഏറ്റവും ചുരുങ്ങിയത് 7 മീറ്റർ ലഭിക്കുന്നുണ്ടെന്നും ആയതു വാഹന ഗതാഗതയോഗ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
4. പെർമിറ്റ് നല്കുന്നതിന് മുമ്പ് ചട്ടം 61(6) പ്രകാരം ഫയർ വകുപ്പിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
5. ചട്ടം 61(7) പ്രകാരം ഫയർ പ്രൊട്ടക്ഷൻ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
6. ചട്ടം 61(8) പ്രകാരമുള്ള സാനിട്ടേഷൻ സൗകര്യങ്ങൾ നല്കിയിട്ടുണ്ടെന്ന്

ഉറപ്പുവരുത്തേണ്ടതാണ്.

7. ചട്ടം 61(11) പ്രകാരം പെട്രോൾ നിറക്കൽ കേന്ദ്രത്തിന്റെ ചില്ലറ വിതരണ യൂണിറ്റ്, പമ്പിന്റെ അതിർത്തിയായി അടയാളപ്പെടുത്തിയിട്ടുള്ള ഏതൊരു ബിന്ദുവിൽ നിന്നും 7.5 മീറ്റർ അകലത്തിൽ ആണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. ചട്ടം 61(12) പ്രകാരം കനോപ്പി, പ്ലോട്ട് അതിരിൽ നിന്നും 3.0 മീറ്റർ പിറകോട്ട് മാറൽ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
9. ചട്ടം 61(13) പ്രകാരം വില്പന ഓഫീസിന് തെരുവിനോട് ചേർന്നുള്ളതല്ലാത്ത പ്ലോട്ട് അതിരിൽ നിന്നും ചുരുങ്ങിയത് 1.0 മീറ്റർ തുറസ്സായ സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്.
10. ചട്ടം 61(16), (17) പ്രകാരമുള്ള ഖര മാലിന്യ സംസ്കരണ ദ്രവ്യ മാലിന്യ സംസ്കരണത്തിനുമുള്ള സംവിധാനവും മലിന ജലം പുതുക്കി പുനരുപയോഗത്തിനുമുള്ള വ്യവസ്ഥിതി ഏർപ്പെടുത്തേണ്ടതാണ്.
11. കെ.പി.ബി.ആർ ചട്ടം 101 പ്രകാരം ഭൂഗർഭജല പോഷണ സംവിധാനത്തിനുള്ള ക്രമീകരണങ്ങൾ നൽകേണ്ടതാണ്.
12. നിർമ്മാണം 1976-ലെ പെട്രോളിയം റൂൾസിന് അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 32/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
തൃക്കലങ്ങോട് ഗ്രാമപഞ്ചായത്ത്,
മലപ്പുറം -676123

പകർപ്പ്:-

1. ശ്രീമതി.സഫീന, കുണ്ടൻതൊടിക വീട് ,മുച്ചിക്കൽ, അഞ്ചച്ചവിടി.പി.ഒ. -676525
2. ടൗൺ പ്ലാനർ, മലപ്പുറം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം